**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5063** **20-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജിനെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും കുന്നത്തുനാട് വില്ലേജിനെ പ്ലാൻ സ്കീം പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ നിശ്ചയിച്ച് 14.06.2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ടി കെട്ടിടനിർമ്മാണ നടപടികൾ പ്രാരംഭഘട്ടത്തിലുമാണ്. പരവൂർ താലൂക്കിലെ വാരാപ്പുഴ വില്ലേജ് ഓഫീസിന് പകരം സ്മാർട്ട് വില്ലേജ് ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള കുന്നത്തുനാട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി DSoR 2018 അടിസ്ഥാനമാക്കി 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളതും ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (ബി) | (എ) യുടെ മറുപടി |
| (സി) | പരവൂർ താലൂക്കിലെ വാരാപ്പുഴ വില്ലേജ് ഓഫീസിന് പകരം കുന്നത്തുനാട് വില്ലേജ് ഓഫീസ് സ്മാർട്ടാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | (എ) യുടെ മറുപടി |

സെക്ഷൻ ഓഫീസർ